## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **10.06.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 912**

# കിടാരി പാർക്ക് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീമതി സി.കെ. ആശ** | | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസഹകരണ സംഘങ്ങളുടെ സഹകരണത്തോടെ കിടാരി പാർക്ക് പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ക്ഷീരസംഘങ്ങൾ മുഖേന കിടാരി പാർക്ക് പദ്ധതി നടപ്പാക്കുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള കറവ പശുക്കളെ സംസ്ഥാനത്തിനുള്ളിൽ നിന്നും ലഭ്യമാക്കുന്നതിനായിട്ടാണ് ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നത്. 100 കിടാരികൾ അടങ്ങിയ 2 ഹീഫർ പാർക്ക് പദ്ധതികളാണ് 2018-19 വർഷം നടപ്പിലാക്കിയത്. 58.71 ലക്ഷം രൂപ അടങ്കൽ തുകയായി കണക്കാക്കിയിട്ടുള്ള പദ്ധതിയ്ക്ക് 19,37,500/- രൂപയാണ് സബ്സിഡിയായി നൽകുന്നത്. 2019-20 വർഷത്തിൽ നാല് കിടാരി പാർക്കുകൾ പുതുതായി നടപ്പിലാക്കുന്നതാണ്. |
| (ബി) നല്ലയിനം ഉരുക്കളെ വാർത്തെടുക്കുന്ന-തിന് പ്രസ്തുത പദ്ധതി ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | അത്യുൽപാദനശേഷിയുള്ള കറവ പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുന്നു. നല്ല വർഗ്ഗഗുണമുള്ള കിടാരികളെ തെരഞ്ഞെടുത്ത് ശാസ്ത്രീയ പരിചരണത്തിലൂടെ വളർത്തി കറവപശുക്കളാക്കി കർഷകർക്ക് നൽകുകയാണ് ചെയ്യുന്നത്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി കറവപശുക്കളെ സംസ്ഥാനത്തിന് പുറത്ത് നിന്നു മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന നിഷ്കർഷയുള്ളതിനാൽ കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഇതുമൂലം കഴിയുന്നു. |
| (സി) പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയി ട്ടുണ്ടോ; നടത്തിപ്പിൽ എന്തൊക്കെ പ്രായോഗിക വിഷമതകളാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. കന്നുകുട്ടികളെ കറവ പശുക്കളായി മാറ്റിയെടുക്കുന്നതിനുള്ള വർദ്ധിച്ച ചിലവാണ് ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നമായി ശ്രദ്ധയിൽപ്പെട്ടത്. |
| (ഡി) പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | 2019-20 വർഷത്തിൽ 77.5 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**